**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5859** **08-07-2024 - ൽ മറുപടിയ്ക്ക്**

**കെട്ടിട നമ്പർ നൽകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ പല സ്ഥലങ്ങളിലും നിർമ്മിച്ച കെട്ടിടങ്ങൾക്ക് സാങ്കേതിക കാരണങ്ങൾ പറഞ്ഞ് കെട്ടിട നമ്പർ നൽകാത്ത സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം കെട്ടിടങ്ങൾക്ക് നമ്പർ ലഭിക്കുന്നതിനും അത് റഗുലറൈസ് ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (എ) | 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെയോ,1994-ലെ കേരള മുൻസിപ്പാലിറ്റി ആക്ടിലെയോ,2019-ലെ കേരള പഞ്ചായത്ത്/ മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെയോ വ്യവസ്ഥകൾ ലംഘിച്ചു കൊണ്ടോ തിരദേശ പരിപാലന നിയമം, 2008-ലെ കേരള നെൽവയൽ തണ്ണീർതട സംരക്ഷണ നിയമം തുടങ്ങിയ നിയമങ്ങൾ ലംഘിച്ചുകൊണ്ടോ നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾ, പട്ടയം ലഭിച്ചിട്ടില്ലാത്ത ഭൂമിയിലെ നിർമ്മാണങ്ങൾ,ഏതെങ്കിലും പ്രത്യേക ആവശ്യങ്ങൾക്കായി പതിച്ചു നൽകിയ ഭൂമിയിലെ നിർമ്മാണങ്ങൾ, തോട്ടഭൂമിയിലെ നിർമ്മാണങ്ങൾ, എന്നിവക്ക് ഒക്യുപൻസിയും അധികൃത കെട്ടിട നമ്പരും നൽകാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.ലംഘനങ്ങൾ പരിഹരിക്കുന്ന മുറയ്ക്ക് അത്തരം കെട്ടിടങ്ങൾക്ക് ഒക്യുപൻസി നൽകുന്നതിനുള്ള നടപടികൾ സ്വികരിച്ചു വരുന്നുണ്ട്.ചട്ടലംഘനങ്ങൾ അല്ലാതെ മറ്റ് സാങ്കതിക കാരണങ്ങൾ പറഞ്ഞ് കെട്ടിടങ്ങൾക്ക് ഒക്യുപൻസി അനുവധിക്കാത്ത സാഹചര്യങ്ങളിലും സേവന പ്രധാന തീയതിക്കകം സേവനം ലഭിക്കാത്ത സാഹചര്യത്തിലും പരാതിപ്പെടുന്നതിനും പരിഹാരം തേടുന്നതിനുമായി സംസ്ഥാന / ജില്ലാ / ഉപജില(താലൂക്ക്) തലങ്ങളിൽ സ്ഥിരം അദാലത്ത് സംവിധാനം 2023 മെയ് മാസം മുതൽ ഏർപ്പെടുത്തിയിട്ടുണ്ട്.www.adalat.lsgkerala.gov.in എന്ന പോർട്ടൽ വഴി സ്ഥിരം അദാലത്ത് സംവിധാനത്തിലേക്ക് പരാതി നൽകാവുന്നതാണ്. പരാതി ലഭിച്ച് 10 ദിവസത്തിനകം അദാലത്ത് സമിതി വിഷയം പരിഗണിക്കുന്നതും അടുത്ത 10 ദിവസത്തിനകം തീർപ്പാക്കുന്നതുമാണ്. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയത്തിൽ നാളിതുവരെ 4974 അപേക്ഷകൾ അദാലത്ത് |

| | | | |
|---|---|---|---|
| | | | സമിതിയിലേക്ക് ലഭിക്കുകയും ആയതിൽ 4849 എണ്ണത്തിൽ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>അപേക്ഷ നൽകുന്ന സമയത്ത് ലഭിക്കുന്ന കൈപറ്റ് രസീതിൽ സേവനം ലഭിക്കുന്ന തീയ്യതി രേഖപ്പെടുത്തുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അപേക്ഷകൾ ഓൺലൈനായി നൽകാൻ സംവിധാനം ഏർപ്പെടുത്തിയതിനൊപ്പം അപേക്ഷയുടെ സ്ഥിതി വിവരം ഓൺലൈനായി ട്രാക്ക് ചെയ്യുന്നതിനും സൗകര്യമുണ്ട്. ഇതു വഴി ഓരോ സീറ്റിലുമുള്ള ജിവനക്കാർ ഫയൽ എത്ര ദിവസം കൈവശം വച്ചു എന്ന വിവരവും ലഭിക്കുന്നതാണ്.<br><br>ന്യായമായ കാരണങ്ങളില്ലാതെ അപേക്ഷകൾ വൈകിപ്പിച്ചതായോ വ്യവസ്ഥകൾ ലംഘിച്ചുവെന്നോ ഉള്ള പരാതി ശരിയാണെന്ന് തെളിഞ്ഞാൽ സർക്കാർ കർശന നടപടി സ്വീകരിക്കുന്നതാണ്. അത്തരം പരാതികൾ പൊതു ജനങ്ങൾക്ക് നൽകാം.പരാതികൾ പരിശോധിക്കുന്നതിന് കാര്യക്ഷമമായ സംവിധാനം സർക്കാർ ഒരുക്കും.<br><br>ഇത് കൂടാതെ 2019 നവംബർ 7 ആം തിയ്യതി വരെയുള്ള ചട്ടലംഘനമുള്ള നിർമിതികൾ നിബന്ധനകൾക്ക് വിധേയമായി ക്രമവത്കരണം നടത്തുന്നതിന് 2024 ലെ മുൻസിപ്പാലിറ്റി / പഞ്ചായത്ത് രാജ് ക്രമവത്കരണ ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ